LIBRARY ARCHIVES Kerala Legislative Assembly

ഇന്ധനവില വർദ്ധനവുമൂലമുള്ള ബുദ്ധിമുട്ടുകൾ

*14 [287] ശ്രീ. പി. നാരായണൻ:
" ബിനോയ് വിശ്വം:
" മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധനവില വർദ്ധനവുമൂലം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ ആന്റ് ബി) 16-6-2004-ൽ കേന്ദ്ര സർക്കാർ ഇന്ധനവില വർദ്ധിപ്പിച്ചതിനെത്തുടർന്ന് സംസ്ഥാനത്ത് പൊതുകമ്പോളത്തിൽ അവശ്യസാധനങ്ങളുടെ വിലയിൽ ചില്ലറ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുള്ളതല്ലാതെ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനാൽ കമ്പോളത്തിലെ അനിയന്ത്രിതമായ വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കാൻ സാധിക്കുന്നുണ്ട്.

ഖരമാലിന്യ സംസ്ക്കരണം

*15 [288] ശ്രീ. എൻ ശക്തൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യ സംസ്കരണത്തിന് എത്ര ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും പദ്ധതികളുണ്ടാക്കിയിട്ടുണ്ട്;

(ബി) ഇവയുടെ പദ്ധതികൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഖരമാലിന്യ സംസ്ക്കരണത്തിന്, 17 ഗ്രാമപഞ്ചായത്തുകളും 8 നഗരസഭകളും ഒരു കോർപ്പറേഷനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതികൾ സാങ്കേതികമായി പൂർണ്ണമായും അംഗീകരിക്കപ്പെട്ടിട്ടില്ല.